# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 16.05.2026

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>പുനർമൂല്യനിർണ്ണയ ഫലം</u>**

അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. 3 വർഷ ബിരുദം (റഗുലർ/സപ്ലിമെന്ററി) നവംബർ 2025 പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

**<u>ഒന്നാം സെമസ്റ്റർ ബിരുദം പ്രൈവറ്റ് രജിസ്ട്രേഷൻ ഹാൾ ടിക്കറ്റ്</u>**

20.05.2026 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബിരുദം പ്രൈവറ്റ് രജിസ്ട്രേഷൻ (2020-2023 അഡ്മിഷൻ) സപ്ലിമെന്ററി നവംബർ 2025 പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഹാൾടിക്കറ്റ് പ്രിന്റ് എടുത്ത ശേഷം ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്ത് ഹാൾടിക്കറ്റിൽ കൊടുത്തിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഉച്ചയ്ക്ക് 1.30 മണിക്ക് (വെള്ളി -2.00 മണി) ഹാജരാകേണ്ടതാണ്.

ഹാൾടിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഏതെങ്കിലും ഗവണ്മെന്റ് അംഗീകൃത അസ്സൽ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

**<u>മൂന്നാം സെമസ്റ്റർ ബി.സി.എ.(പ്രൈവറ്റ് രജിസ്ട്രേഷൻ- നവംബർ 2025)- പ്രായോഗിക പരീക്ഷ</u>**

മൂന്നാം സെമസ്റ്റർ ബി.സി.എ. (പ്രൈവറ്റ് രജിസ്ട്രേഷൻ) (FYUGP Pattern), നവംബർ 2025 പ്രായോഗിക പരീക്ഷ 2026 മെയ് 29, വെള്ളിയാഴ്ച കണ്ണൂർ സർവകലാശാല ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്മെന്റ്, മാങ്ങാട്ടുപറമ്പിൽ വച്ച് നടത്തുന്നതാണ്.
വിശദമായ ടൈം ടേബിൾ വെബ് സൈറ്റിൽ ലഭ്യമാണ്..

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)